# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 510 — 30/06/2016-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാരായ ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ :<br>,, ഐ.സി.ബാലകൃഷ്ണൻ :<br>,, എ.പി. അനിൽ കുമാർ :<br>,, അടൂർ പ്രകാശ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | മുൻ ഗവൺമെന്റ് സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | മുൻ ഗവൺമെന്റ് സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി നടപ്പിലാക്കി. ഇതു പ്രകാരം 558 പേർക്ക് 195.45 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| ബി | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചിട്ടുള്ളത്; | ബി | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | സി) | സംസ്ഥാനത്തെ ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവരം ലഭ്യമായിട്ടുണ്ട്. ഇവർക്ക് വിതരണം ചെയ്യുവാൻ ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചതെന്ന് വിശദമാക്കുമോ? | ഡി) | ഈ പദ്ധതി പ്രകാരം 558 പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി 195.45 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ